# നിർദ്ദേശങ്ങൾ

I 20 വയസ്സ് പൂർത്തിയായതും 60 വയസ്സ് പൂർത്തിയാകാത്തതുമായ മദ്രസ്സാദ്ധ്യാപകർക്ക് കേരള മദ്രസാദ്ധ്യാപക ക്ഷേമനിധി പദ്ധതിയിൽ അംഗമാകാവുന്നതാണ്. അപേക്ഷയിലെ എല്ലാ കോളങ്ങളും കൃത്യമായി പൂരിപ്പിക്കേണ്ടതാണ്. കോഡ് നമ്പറുകൾ എഴുതേണ്ടതില്ല.

II അപേക്ഷയോടൊപ്പം വയസ്സ് തെളിയിക്കുന്നതിന് താഴെ പറയുന്ന രേഖകളിൽ ഏതെങ്കിലും ഒന്നിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കണം.

(1) സ്ക്കൂൾ സർട്ടിഫിക്കറ്റ്

(2) ജനന മരണ രജിസ്ട്രാർ നൽകുന്ന സർട്ടിഫിക്കറ്റ്

(3) പാസ്പോർട്ട്

മേൽപ്പറഞ്ഞ രേഖകളുടെ അഭാവത്തിൽ, വിദ്യാലയത്തിലോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലോ അപേക്ഷകന്റെ ജനനതീയതി സംബന്ധിച്ച രേഖകൾ ലഭ്യമല്ലെന്നു വ്യക്തമാക്കുന്ന ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നുള്ള റിപ്പോർട്ടിനോടൊപ്പം അസിസ്റ്റന്റ് സർജന്റെ റാങ്കിൽ താഴെയല്ലാത്ത മെഡിക്കൽ ഓഫീസറിൽ നിന്നുള്ള അപേക്ഷകന്റെ വയസ്സ് വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റും ഹാജരാക്കാവുന്നതാണ്.

III അപേക്ഷയിലെ പേജ് 2-ലുള്ള സ്ഥാപന മേധാവിയുടെ ശുപാർശകോളം സ്ഥാപന മേധാവിയെക്കൊണ്ട് പൂരിപ്പിച്ച് സ്ഥാപനമേധാവിയുടെ ഒപ്പ്, ഓഫീസ് സീൽ എന്നിവ പതിപ്പിച്ച് വാങ്ങേണ്ടതാണ്.

**സ്ഥാപനമേധാവിയുടെ ശുപാർശ ലഭ്യമല്ലെങ്കിൽ അപേക്ഷയോടൊപ്പം അപേക്ഷകന്റെ പ്രത്യേക സത്യപ്രസ്താവനയിൽ ഒപ്പിട്ട് സമർപ്പിക്കേണ്ടതാണ്.** (മാതൃക ചുവടെ ചേർക്കുന്നു.)

IV പാസ്പോർട്ട് സൈസ് ഫോട്ടോ-3 എണ്ണം (ഒന്ന് അപേക്ഷയിൽ ഒട്ടിക്കേണ്ടതും ബാക്കി 2 എണ്ണം അപേക്ഷയോടൊപ്പം വെയ്ക്കേണ്ടതുമാണ്.

V ഇലക്ഷൻ തിരിച്ചറിയൽ കാർഡ്, റേഷൻ കാർഡ് എന്നിവയുടെ ഫോട്ടോകോപ്പി അപേക്ഷയോടൊപ്പം ഹാജരാക്കണം.

VI അപേക്ഷയിലെ ഭാഗം-ബി യിൽ നോമിനിയായി ഒരാളെ മാത്രമേ നിർദ്ദേശിക്കുന്നുള്ളൂവെങ്കിൽ അവസാന കോളത്തിൽ 100 ശതമാനം എന്നും ഒന്നിൽ കൂടുതൽ നോമിനികൾ ഉണ്ടെങ്കിൽ എല്ലാവരുടെയും വിഹിതം കൂട്ടിയാൽ ആകെ 100 ശതമാനം എന്നും വരേണ്ടതാണ്.

VII സംശയങ്ങൾ തീർക്കാൻ **0495 2720577** നമ്പറിൽ വിളിക്കാവുന്നതോ, mtpwfo@gmail.com എന്നതിൽ E-mail ചെയ്യാവുന്നതോ ആണ്.

VIII അപേക്ഷ അയയ്ക്കേണ്ട വിലാസം **മാനേജർ, കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ഓഫീസ്, പുതിയറ, കോഴിക്കോട്-673 004.**